**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 311** **27-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നു; ഇക്കാര്യത്തിലുള്ള കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള പദ്ധതികളെ സംബന്ധിച്ചും പുതിയ പദ്ധതികളെ സംബന്ധിച്ചും മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് 2021 ജൂലൈ 13ന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ആയതിൻപ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്. 1) സെമി ഹൈ സ്പീഡ് റെയിൽ ലൈൻ 2) അങ്കമാലി-ശബരി റെയിൽ 3) തലശ്ശേരി-മൈസൂർ റെയിൽ 4) കൊച്ചി മെട്രോ -ഫെയ്സ് 2 5) ലൈറ്റ് മെട്രോ 6) തിരുനന്തപുരം-ഔട്ടർ റിംഗ് റോഡ് 7) കണ്ണൂർ വിമാനത്താവളം 8) കോഴിക്കോട് വിമാനത്താവളം 9) ശബരിമല വിമാനത്താവളം 10) എയിംസ് 11) പാലക്കാട് യൂണിറ്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് 12) പ്രൈവറ്റൈസേഷൻ ഓഫ് ബി.പി.സി.എൽ. 13) പെട്രോ-കെമിക്കൽ കോംപ്ലക്സ്, കൊച്ചി 14) കൊച്ചി-മാംഗ്ലൂർ ഇന്റസ്ട്രിയൽ കോറിഡോർ മേൽപ്പറഞ്ഞ പദ്ധതികൾ ഓരോന്നിന്റെയും സ്ഥിതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആവശ്യപ്പെട്ടവയിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്; കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചെങ്കിലും നാളിതുവരെയും നടപ്പിലാക്കാത്ത പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള പദ്ധതികളെ സംബന്ധിച്ചും പുതിയ പദ്ധതികളെ സംബന്ധിച്ചും മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് 2021 ജൂലൈ 13ന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ആയതിൻപ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്. 1) സെമി ഹൈ സ്പീഡ് റെയിൽ ലൈൻ 2) അങ്കമാലി-ശബരി റെയിൽ 3) തലശ്ശേരി-മൈസൂർ റെയിൽ 4) കൊച്ചി മെട്രോ -ഫെയ്സ് 2 5) ലൈറ്റ് മെട്രോ 6) തിരുനന്തപുരം-ഔട്ടർ റിംഗ് റോഡ് 7) കണ്ണൂർ വിമാനത്താവളം 8) കോഴിക്കോട് വിമാനത്താവളം 9) ശബരിമല |

| | | | |
|---|---|---|---|
| | | | വിമാനത്താവളം 10) എയിംസ് 11) പാലക്കാട് യൂണിറ്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് 12) പ്രൈവറ്റൈസേഷൻ ഓഫ് ബി.പി.സി.എൽ. 13) പെട്രോ-കെമിക്കൽ കോംപ്ലക്സ്, കൊച്ചി 14) കൊച്ചി-മാംഗ്ലൂർ ഇന്റസ്ട്രിയൽ കോറിഡോർ മേൽപ്പറഞ്ഞ പദ്ധതികൾ ഓരോന്നിന്റെയും സ്ഥിതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഇവ നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള പദ്ധതികളെ സംബന്ധിച്ചും പുതിയ പദ്ധതികളെ സംബന്ധിച്ചും മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് 2021 ജൂലൈ 13ന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ആയതിൻപ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്. 1) സെമി ഹൈ സ്പീഡ് റെയിൽ ലൈൻ 2) അങ്കമാലി-ശബരി റെയിൽ 3) തലശ്ശേരി-മൈസൂർ റെയിൽ 4) കൊച്ചി മെട്രോ -ഫെയ്സ് 2 5) ലൈറ്റ് മെട്രോ 6) തിരുവനന്തപുരം-ഔട്ടർ റിംഗ് റോഡ് 7) കണ്ണൂർ വിമാനത്താവളം 8) കോഴിക്കോട് വിമാനത്താവളം 9) ശബരിമല വിമാനത്താവളം 10) എയിംസ് 11) പാലക്കാട് യൂണിറ്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് 12) പ്രൈവറ്റൈസേഷൻ ഓഫ് ബി.പി.സി.എൽ. 13) പെട്രോ-കെമിക്കൽ കോംപ്ലക്സ്, കൊച്ചി 14) കൊച്ചി-മാംഗ്ലൂർ ഇന്റസ്ട്രിയൽ കോറിഡോർ മേൽപ്പറഞ്ഞ പദ്ധതികൾ ഓരോന്നിന്റെയും സ്ഥിതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1) സെമി ഹൈസ്പീഡ് റെയിൽ ലൈൻ

പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) റെയിൽവേ ബോർഡിനും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനും അനുമതിക്കായി സമർപ്പിക്കുകയും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRDCL)നെ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിക്കാൻ അനുമതി ലഭ്യമായതിനെത്തുടർന്ന് അവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ജില്ലകളിലും ഭൂമി ഏറ്റെടുക്കൽ പ്രവർത്തനവുമായി ബന്ധപ്പെട്ട് Land Acquisition Cell പ്രവർത്തനം ആരംഭിക്കുകയും കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി NIC പ്രത്യേക സോഫ്റ്റ് വെയറും തയ്യാറാക്കിവരുന്നു. കൂടാതെ എല്ലാ ജില്ലകളിലും 6(1), 4(1) നോട്ടിഫിക്കേഷനുകൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 2) അങ്കമാലി ശബരി റെയിൽ

1997–98 ലെ റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി പാത. ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽ കണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. അങ്കമാലി – ശബരി റെയിൽ പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുക വഴി തമിഴ് നാട്ടിലേക്ക് നീട്ടാൻ കഴിയും.

അങ്കമാലി – ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് ഘനീഭവിപ്പിക്കാതിരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി. റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കെ.ആർ.ഡി.സി.എൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## 3) തലശ്ശേരി–മൈസൂർ റെയിൽ

പ്രസ്തുത പദ്ധതി കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടി വഴി കർണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്ര സുഗമമാക്കുവാൻ സാധിക്കും. അതായത് മലബാറിൽ നിന്നു മൈസൂരിലേക്ക് 16 മണിക്കൂർ കൊണ്ടും ബാംഗ്ലൂരിലേക്കു 13 മണിക്കൂർകൊണ്ടും എത്തിച്ചേരുന്നിടത്ത് 5 മണിക്കൂർകൊണ്ട് മൈസൂരിലേക്കും 8 മണിക്കൂർകൊണ്ട് ബാംഗ്ലൂരിലേക്കും യാത്രാ സമയം കുറച്ചുകൊണ്ട് എത്തിച്ചേരാൻ പ്രസ്തുത പദ്ധതി സഹായകമാകുന്നു. പ്രസ്തുത പദ്ധതി മാനന്തവാടിയിൽ നിന്ന് നാഗർഹോള – ബന്ദിപ്പൂർ ദേശീയ പാർക്കുകൾക്കിടയിലുള്ള പരിസ്ഥിതി സെൻസിറ്റീവ് പ്രദേശങ്ങൾക്കിടയിൽ ഒരു ഭൂഗർഭ തുരങ്കത്തിലൂടെ കടന്നുപോകുന്നതും തുടർന്ന് കൃഷ്ണരാജപുരം, മൈസൂർ ജില്ലയിലെ എച്ച്. ഡി. കോട്ട് എന്നിവയിലൂടെ കടന്നുപോകുന്നതുമാകുന്നു. പുതുക്കിയ വിന്യാസം നിലവിലുള്ള മൈസൂർ

ചാമരാജനഗറിലെ കടക്കോള സ്റ്റേഷനിൽ വന്നുചേരുകയും, മൈസൂരിൽ നിന്ന് 15 കിലോമീറ്റർ അകലെയുള്ള ബന്ദിപ്പൂർ നാഷണൽ പാർക്കിനും നാഗരഹോള കടുവാ സങ്കേതത്തിനുമിടയിലുള്ള വനേതര പ്രദേശത്തിന് താഴെയായി ഒരു ടണൽ ഉൾപ്പെടുത്തിക്കൊണ്ടും കടന്നുപോകുന്നു. 200 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതിക്കു 13,987/- കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു.

പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ, കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വെ പ്രവർത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണാടക ഭാഗത്തുള്ള അലൈൻമെന്റിനു അവിടുത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് കർണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്ന ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണാടക സർക്കാരിൽ നിന്നും റെയിൽവേയിൽ നിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക സർക്കാരുമായും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു.

## 4) **<u>കൊച്ചി മെട്രോ - ഫെയ്സ് 2</u>**

കൊച്ചി മെട്രോ രണ്ടാംഘട്ടം പദ്ധതി 2021 ഫെബ്രുവരി 1-ൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. ജവർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം വരെയുള്ള ഭാഗത്തെ R&R പാക്കേജ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2021 നവംബർ മാസം പകുതിയോടെ ഇത് പൂർത്തീകരിക്കുന്ന രീതിയിൽ പ്രവർത്തനം പുരോഗമിക്കുന്നു. പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെയുള്ള ഭാഗത്തെ ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾ 2021 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുന്ന രീതിയിൽ പുരോഗമിക്കുന്നു. കൂടാതെ, പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

## 5) **<u>തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി</u>**

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ ഡി.പി.ആർ. കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി 2021 ഫെബ്രുവരി 18-ന് സമർപ്പിച്ചു. കേന്ദ്ര നഗര വികസന മന്ത്രാലയത്തിൽ നിന്ന് പദ്ധതിയുടെ വിശദമായ പരിശോധന നടത്തിവരുന്നു.

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി കേന്ദ്ര നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ട അധികവിവരങ്ങളും വിശദീകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് എത്രയും പെട്ടെന്ന് അംഗീകാരം നൽകണമെന്ന് ബഹു.മുഖ്യമന്ത്രി ബഹു.കേന്ദ്ര നഗരകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂലമായ തീരുമാനം താമസിയാതെ ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നു.

## 6) <u>തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്</u>

വിഴിഞ്ഞം ബൈപ്പാസ് മുതൽ നാവായിക്കുളം വരെ ഉദ്ദേശം 78.894 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലുമുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിയ്ക്ക് ഭാരത് മാല പരിയോജനയുടെ കീഴിൽ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് അന്തിമ അംഗീകാരം കാത്തിരിക്കുകയാണ്. റോഡിന്റെ നിർമ്മാണ ചെലവിന്റെ 100 ശതമാനവും ഭൂമി ഏറ്റെടുക്കലിന്റെ 50 ശതമാനവും കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. ഇതിന്റെ നിർമ്മാണ ചുമതല NHAI-യ്ക്കാണ്. 14.07.2021-ൽ ഇക്കാര്യത്തിൽ ബഹു.മുഖ്യമന്ത്രി ബഹു.കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രിയുമായി (MoRTH) നടത്തിയ യോഗത്തിൽ ഈ പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച കാര്യം കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ട പദ്ധതി സംബന്ധമായ എല്ലാ വിവരങ്ങളും NHAI-യ്ക്ക് 06.09.2021-ൽ അയച്ചുകൊടുത്തിട്ടുണ്ട്.

## 7) <u>കണ്ണൂർ വിമാനത്താവളം</u>

വിദേശ വിമാന കമ്പനികൾക്ക് കണ്ണൂർ എയർപോർട്ടിൽ നിന്ന് സർവ്വീസ് നടത്താനുള്ള "പോയിന്റ് ഓഫ് കോൾ" ആയുള്ള അംഗീകാരം, കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്ന സേവനങ്ങളായ കസ്റ്റംസ്, എമിഗ്രേഷൻ, എയർപോർട്ട് അതോറിറ്റി എന്നിവയുടെ ചാർജിൽ കണ്ണൂർ എയർപോർട്ടിന് 5 വർഷത്തേയ്ക്ക് ഇളവ് അനുവദിക്കൽ, കണ്ണൂർ-മട്ടന്നൂർ-മടിക്കരി 2 വരി പാത ദേശീയ പാതയായി അംഗീകരിക്കൽ ഈ പാത അടിയന്തരമായി 4 വരി പാതയായി വികസിപ്പിക്കൽ, മട്ടന്നൂരിൽ കേന്ദ്രീയ വിദ്യാലയം അനുവദിക്കൽ, കണ്ണൂർ എയർപോർട്ടിനെ ബന്ധിപ്പിച്ചു കൊണ്ട് കണ്ണൂർ-മട്ടന്നൂർ-മൈസൂർ റെയിൽവെ ലൈൻ അനുവദിക്കൽ, കണ്ണൂർ എയർപോർട്ടിനെ ASEAN (അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നാഷൻസ്) ഓപ്പൺ സ്കൈ പോളിസിയിൽ ഉൾപ്പെടുത്തൽ, കണ്ണൂർ എയർപോർട്ടിൽ നിന്നും ഉഡാൻ സ്കീമിൽ പുതിയ റൂട്ട് അനുവദിക്കൽ. (മൈസൂർ, മാലിദ്വീപ്, അഗത്തി എന്നീ സ്ഥലങ്ങളിലേയ്ക്ക്), കണ്ണൂർ എയർപോർട്ടിൽ നിന്നും ഹജ്ജ് വിമാന സർവ്വീസ് ആരംഭിക്കൽ, നിലവിൽ നാലുവരി പാതയായി നിർമ്മിക്കാൻ സംസ്ഥാന ഗവഃ തീരുമാനിച്ചിരിക്കുന്ന 6 റോഡുകൾക്ക് സെൻട്രൽ റോഡ് ഫണ്ട് (CRF) അനുവദിക്കൽ, 2015 മാർച്ച് 1-ന് മുമ്പുള്ള നിർമ്മാണ കരാറുകൾക്ക് ജി.എസ്.ടി.യിൽ ഇളവ് അനുവദിക്കൽ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കണ്ണൂർ എയർപോർട്ടിന് സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ താഴെ പറയുന്ന ഇളവുകൾ ലഭ്യമാക്കാനായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1. റീജിയണൽ കണക്ടിവിറ്റി സ്കീം (RCS)-ൽ സർവ്വീസ് നടത്തുന്ന എയർലൈനുകൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് (VGF) കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ട്. ഇത്തരം ഫ്ലൈറ്റുകളിൽ നിന്ന് കണ്ണൂർ എയർപോർട്ടിന് മറ്റ് ചാർജ്ജുകളൊന്നും ലഭിക്കുന്നില്ല. ആയതിനാൽ ഈ ചാർജ്ജുകൾ VGF വഴി കണ്ണൂർ എയർപോർട്ടിന് ലഭ്യമാക്കാൻ അഭ്യർത്ഥിക്കുന്നു.

2. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ CNS-ATM സർവ്വീസുകൾ RCS ഫ്ലൈറ്റുകൾക്ക് നൽകുന്നതിനുള്ള കോസ്റ്റ് റിക്കവറി ചാർജ്ജ് നൽകുന്നതിൽ നിന്നും കണ്ണൂർ എയർപോർട്ടിനെ ഒഴിവാക്കുക.

3. നാഷണൽ എയർ കാർഗോ പോളിസി - 2019 അനുസരിച്ച് 5 വർഷത്തേയ്ക്ക് കാർഗോ ഓപ്പറേഷനുള്ള കസ്റ്റംസ് കോസ്റ്റ് റിക്കവറി ചാർജ്ജിൽ നിന്നും കണ്ണൂർ എയർപോർട്ടിനെ ഒഴിവാക്കുക.

മേൽ സൂചിപ്പിച്ച ആവശ്യങ്ങളിൽ ഒന്നും തന്നെ ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ല.

ബഹു.കേരള മുഖ്യമന്ത്രി ഈയിടെ ബഹു. പ്രധാനമന്ത്രിയെ സന്ദർശിച്ചപ്പോൾ വിദേശ വിമാന കമ്പനികൾക്ക് അനുമതി ലഭ്യമാകുന്ന കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുകയും പ്രസ്തുത കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു.

## 8) <u>കോഴിക്കോട് വിമാനത്താവളം</u>

കോഴിക്കോട് വിമാനത്താവള വികസന സ്ഥലമെടുപ്പിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്.

## 9) <u>ശബരിമല എയർപോർട്ട്</u>

പ്രസ്തുത പദ്ധതിക്കായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും പ്രതിരോധ മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് Social Impactment Study, Soil test തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കൺസൾട്ടൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട് ചെറുവള്ളി എസ്റ്റേറ്റിലെയും അതിന്റെ അനുബന്ധ പ്രദേശങ്ങളിലെയും സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി ഒരു സർവ്വേഭൂപടം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## 10) <u>എയിംസ്</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ Establishment of New Medical Colleges attached to the existing District/ Referral Hospitals പ്രകാരം വയനാട് മെഡിക്കൽ കോളേജിന്റെ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിന് 27.09.2021 ലെ പി1/ 12/2020/ആ.കു.വ നമ്പർ കത്ത് പ്രകാരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം ആയിട്ടില്ല. 19.06.2014 ലെ D O No. 28016/ 158/2014-SSH കേന്ദ്ര സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി.എം.എസ്.എസ്.വൈയിൽ ഉൾപ്പെടുത്തി കേരളത്തിന് AIIMS അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നുവെങ്കിലും നാളിതുവരെ AIIMS അനുവദിച്ചു നൽകിയിട്ടില്ല. 2014 മുതൽ അതാത് കാലത്തെ സംസ്ഥാന സർക്കാരുകൾ ഇക്കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസം ഡൽഹിയിൽ വച്ചുള്ള കൂടി കാഴ്ചയിലും ഇക്കാര്യം ഉന്നയിച്ചിരുന്നു. ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ആവശ്യം

അവതരിപ്പിച്ചു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 22.03.2021 ൽ കേന്ദ്ര ആരോഗ്യ മന്ത്രിക്കയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. KSIDC യുടെ കൈവശം നിലവിൽ ലഭ്യമായ സ്ഥലം തിട്ടപ്പെടുത്തി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറാനും AIIMS സ്ഥാപിക്കുന്നതിന് അധികമായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 11) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും G.O.(Ms)No: 52/2018/ID dated 20.07.2018 പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം (Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനിൽക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 23.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്.

## 12) ബി.പി.സി.എൽ, കൊച്ചി റിഫൈനറി

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19–ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

## 13) പെട്രോകെമിക്കൽ കോംപ്ലക്സ്, കൊച്ചി

2019 ജനുവരി 27–ന് ബഹു. പ്രധാനമന്ത്രിയാണ് കൊച്ചി പെട്രോകെമിക്കൽ കോംപ്ലക്സിന് തറക്കല്ലിട്ടത്. ശേഷം ബി.പി.സി.എൽ. ബോർഡ് പദ്ധതി അംഗീകരിക്കുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് 170 ഏക്കർ ഭൂപ്രദേശം പ്രസ്തുത കോംപ്ലക്സിനായി കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റ്

പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബഹു.പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 1,60,000 (MTPA) അക്രിലിക് ആസിഡ് ഉൽപാദിപ്പിക്കാൻ ക്ഷമതയുള്ള യൂണിറ്റ് കമ്മീഷൻ ചെയ്യുകയും സ്റ്റെബിലൈസേഷൻ ഫെയ്സിൽ ആകുകയും ചെയ്തിട്ടുണ്ട്. അക്രിലിക് ആസിഡിന്റെ ആഭ്യന്തര ഉപയോഗത്തിനുശേഷം ചെന്നൈ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിലെ ഉപഭോക്താക്കൾക്ക് വ്യാവസായിക ആവശ്യങ്ങൾക്കായി വിൽക്കാൻ കഴിയുന്നുണ്ട്. 2 ഈഥൈൽ ഹെക്സൈൽ അക്രിലേറ്റ് അതേ യൂണിറ്റിൽ തന്നെ ഉൽപാദനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിന് 1,80,000 MTPA ബ്യൂട്ടൈൽ അക്രിലേറ്റും 10,000 MTPA 2 ഈഥൈൽ ഹെക്സൈൽ അക്രിലേറ്റും ഉൽപാദിപ്പിക്കുന്നതിനുള്ള ക്ഷമതയുണ്ട്.

## 14) **<u>കൊച്ചി – മാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ</u>**

കൊച്ചി – മാംഗ്ലൂർ വ്യവസായിക ഇടനാഴി പദ്ധതിയുമായി ബന്ധപ്പെട്ട നിവേദനം ബഹു. പ്രധാനമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൊച്ചി–മാംഗ്ലൂർ വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു.കേന്ദ്ര വാണിജ്യവ്യവസായ മന്ത്രിയ്ക്ക് 05.06.2021–ൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് feasibility study ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. feasibility study പൂർത്തീകരിച്ച ശേഷം ആയതിന്റെ റിപ്പോർട്ട് പദ്ധതിയുമായി ബന്ധപ്പെട്ട അന്തിമ അനുമതിക്കായി കേന്ദ്രവാണിജ്യ മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**